LIBRARY ARCHIVES Kerala Legislative Assembly

വയനാട്ടിലെ കുരങ്ങുപനി ബാധിച്ച ആദിവാസികൾക്ക് ദുരിതാശ്വാസം

297 (645) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിൽ കുരങ്ങുപനി ബാധിച്ച മരണമടഞ്ഞ ആദിവാസികളുടെ എണ്ണം എത്ര ;

(ബി) ആദിവാസി മേഖലകളിൽ രോഗബാധ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) രോഗംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും രോഗബാധിതർക്കും ധനസഹായം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) വയനാട്ടിൽ കുരങ്ങുപനി ബാധിച്ച് 7 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) കുരങ്ങുപനി ബാധിത മേഖലകളിൽനിന്നും പനിബാധിതരെ ആശുപത്രിയിൽ എത്തിക്കുന്നതിന് 24 മണിക്കൂറും ആംബുലൻസിന്റെ സേവനം ലഭ്യമാക്കി. രോഗ ബാധിത മേഖലയിലേക്ക് എസ്.റ്റി. പ്രൊമോട്ടർമാരെ പ്രത്യേകമായി നിയമിച്ചു. കുരങ്ങുപനി ബാധിച്ച് ചികിത്സയിൽ കഴിയുന്ന കോളനിയിലുള്ളവർ കാട്ടിൽ ഉപജീവനത്തിന് പോകാതിരിക്കുന്നതിനായി 560 പേർക്ക് മാസം 45 കി.ഗ്രാം അരി, 3 കി.ഗ്രാം കടല, 3 കി.ഗ്രാം ചെറുപയർ, 1 ½ ലിറ്റർ വെളിച്ചെണ്ണ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. രോഗം ബാധിച്ച് വീട്ടിൽ കിടക്കുന്നവർക്ക്
2 ഏത്തപ്പഴം, ഒരു മുട്ട, 250 ml തിളപ്പിച്ച പാൽ എന്നിവയും നൽകിയിട്ടുണ്ട്. കുരങ്ങുപനി പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടെ നില്ക്കുന്നവർക്ക് 200 രൂപാ വീതം നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി 10 ലക്ഷം രൂപ ജില്ലാ മെഡിക്കൽ ഓഫീസർക്കും, കൂടാതെ വനമേഖലയിൽ കാലികളെ പരിചരിക്കുന്നവർക്ക് കാലികളിൽനിന്നും രോഗം പകരാതിരിക്കാൻ കാലികളുടെ മേൽ പുരട്ടുന്നതിനുള്ള ലോഷൻ (ഫ്ലമിത്തിൻ, ബൈറ്റിക്കോൾ) വാങ്ങി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനും മറ്റുമായി 9 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിനും കൈമാറിയിട്ടുണ്ട്.

(സി) ഉണ്ട്. കെ.എഫ്.ഡി.മൂലം മരണപ്പെട്ട 7 പേരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപാവീതം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. രോഗബാധിതരായ 93 പേർക്ക് 10,000 രൂപാവീതം ആകെ 9,30,000 രൂപയും നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്.